മ ത്താ . 15 : 21 – 28

023 ഒക്ടോബർ 01

# വചനസന്ദേശം

**ഫാ. ജിൻസ് ഞാണയ്ക്കൽ**

# അതിർവരമ്പുകൾ ഭേദിക്കുക

കേരളത്തിലെ സി എം ഐ സഭയുടെ പന്ത്രണ്ടാമത്തെ പ്രിയോർ ജനറാളായിരുന്നു വന്ദ്യനായ കനീസിയൂസ് തെക്കേക്കരയച്ചൻ. ലത്തീൻ ഭാഷയിൽ 'കനീസിയൂസ്' എന്ന പേരിനർത്ഥം നായക്കുട്ടി എന്നാണ്. അതുകൊണ്ടുതന്നെ മറ്റുള്ളവർ തന്റെ പേരിനെക്കുറിച്ച് ചോദിക്കുമ്പോൾ അദ്ദേഹം ഇങ്ങനെ പറയുമായിരുന്നു: ''ഞാൻ ദൈവത്തിന്റെ പട്ടിക്കുട്ടിയാണ്. ഈ ലോകത്തിലേക്കും വച്ച് ഏറ്റവും വിശ്വസ്തതയുള്ള മൃഗമാണ് നായ. യജമാനനെയും വസ്തുവകകളെയും അത് സംരക്ഷിക്കും. ഞാനും ഇപ്രകാരം എന്റെ ദൈവത്തിന്റെ കാര്യത്തിൽ വിശ്വസ്തനാണ്. ദൈവേഷ്ടം അത്രമാത്രം!'' ഇതായിരുന്നു അദ്ദേഹത്തിന്റെ ജീവിതദർശനം. അദ്ദേഹം തുടർന്നു പറയുമായിരുന്നു, ''നായക്കുട്ടിയെ ശ്രദ്ധിച്ചിട്ടില്ലേ? യജമാനന്റെ ഭക്ഷണമേശയ്ക്കരികിൽ വന്ന് ശാന്തമായി, പ്രതീ ക്ഷിച്ച് നോക്കിയിരിക്കും. ഒരു എല്ലിൻ കഷണം കിട്ടിയാൽ സന്തോഷമായി. ഇതുപോലെ ദൈവാലയത്തിൽ വിരുന്നുമേശയ്ക്കരികിൽ ഞാൻ എന്നും ചെന്ന് തിരുമുഖത്തേക്ക് നോക്കിയിരിക്കും. ഈശോ എനിക്ക് വിശപ്പുമാറ്റാൻ ഓരോരോ അനുഗ്രഹങ്ങൾ ഇട്ടുതരും.'' തത്തുല്യമായ ഒരു സുവിശേഷഭാഗമാണ് ഇന്നത്തെ ധ്യാനവിഷയം. കാനാൻകാരിസ്ത്രീയുടെ അപേക്ഷയും ഈശോ അവൾക്കു കൊടുക്കുന്ന മറുപടിയും നമ്മെ ആശ്ചര്യപ്പെടുത്തുകയും ആത്മീയധ്യാനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

ഇന്ന് വായിച്ചുകേട്ട സുവിശേഷത്തിന്റെ മുമ്പുള്ള വാക്യങ്ങൾ വായിച്ചാൽ നമുക്ക് മനസ്സിലാകും, ആന്തരികവും ബാഹ്യവുമായ ശുദ്ധിയെക്കുറിച്ച് ഈശോ ജനങ്ങളോട് സംസാരിക്കുന്നുണ്ട്. ഇത്തരം ചർച്ചകൾക്കു ശേഷമാണ് ഈശോ ടയിർ, സീദോൻ എന്നീ പ്രദേശങ്ങളിലേക്ക് പോകുന്നത്. യഹൂദരെ സംബന്ധിച്ച് അശുദ്ധരുടെയും പാപികളുടെയും വിജാതീയരുടെയും സ്ഥലമാണ് ഈ പ്രദേശങ്ങൾ. അവിടെ നിന്നാണ് ഒരു കാനാൻകാരി സ്ത്രീ വന്ന് ഈശോയോട് തന്റെ മകൾക്കുവേണ്ടി കരഞ്ഞപേക്ഷിക്കുന്നത്. എന്നാൽ അവളോടുള്ള ഈശോയുടെ പ്രതികരണം നമ്മെ ആശ്ചര്യപ്പെടുത്തുന്നതാണ്. ''മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞു കൊടുക്കുന്നത് ഉചിതമല്ല'' എന്ന് ഈശോ പറയുമ്പോൾ അവിടുന്ന് ഇത്ര കഠിനഹൃദയനാണോ എന്ന് നാം ചിന്തിച്ചേക്കാം. അങ്ങനെ നാം ചിന്തിക്കുന്നതിനു മുമ്പ് യഹൂദരുടെ ചിന്താരീതിയെക്കുറിച്ച് മനസ്സിലാക്കുന്നത് നന്നായിരിക്കും. യഹൂദർ വിജാതീയരെ പൊതുവെ പരിഗണിച്ചിരുന്നത് നായയെപ്പോലെ കുരയ്ക്കുന്നവരും നന്മയില്ലാത്തവരുമാണ് എന്ന വിധമാണ്. ''വിശുദ്ധ വസ്തുക്കൾ നായ്ക്കൾക്ക് കൊടുക്കരുത്'' (മത്താ. 7:6) എന്ന ഈശോയുടെ ഉപദേശം ഇതിനോടു ചേർത്തു വായിക്കാവുന്നതാണ്. എന്നാൽ യേശുവിൽ നിന്ന് സഹായം ലഭിക്കാൻ തനിക്ക് അർഹതയുണ്ടെന്ന വിശ്വാസത്തിൽ ''അതേ, കർത്താവേ, നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നും വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ'' എന്ന് കാനാൻകാരി പറയുന്നു. അവളുടെ അടിയുറച്ച വിശ്വാസവും എളിമയും ഈശോയെ അത്ഭുതപ്പെടുത്തുകയും അനുഗ്രഹങ്ങൾ സ്വന്തമാക്കാൻ അവളെ യോഗ്യയാക്കുകയും ചെയ്തു. നിരന്തരമായ പ്രാർത്ഥനയും ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നല്കുമെന്നും, ജീവിതത്തിൽ അനുഗ്രഹങ്ങൾ സ്വന്തമാക്കാൻ സഹായിക്കുമെന്നും കാനാൻകാരി നമ്മെ പഠിപ്പിക്കുന്നു.

അതുമാത്രമല്ല, കാനാൻകാരി സ്ത്രീയും യേശുവും നമ്മെ പഠിപ്പിക്കുന്ന മറ്റൊരു പാഠമാണ് ചിന്തയുടെയും പ്രവൃത്തിയുടെയും അതിർവരമ്പുകളെ തുറക്കുക എന്നത്. ഈ അത്ഭുതത്തിലൂടെ കാനാൻകാരിയുടെ വിശ്വാസം വർധിപ്പിക്കുക മാത്രമല്ല, മറിച്ച് യഹൂദരുടെ ചിന്താരീതിയെപ്പോലും ഈശോ വെല്ലുവിളിക്കുകയും, പുതിയൊരു ദർശനം നല്കുകയും ചെയ്യുന്നു. തന്റെ ജീവിതസാഹചര്യങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും വിശ്വാസങ്ങളുടെയും അതിർവരമ്പുകൾ ഭേദിച്ച് കാനാൻകാരി ഈശോയിൽ ആശ്രയിക്കുമ്പോൾ, യഹൂദർ മാത്രമാണ് ദൈവത്തിന്റെ സ്വന്തം ജനമെന്ന യഹൂദവിശ്വാസവും, യഹൂദർക്ക് മാത്രമാണ് രക്ഷ എന്ന അവരുടെ അന്ധവിശ്വാസവും ഈശോ തിരുത്തുന്നു. വിജാതീയരും ദൈവമക്കളാണെന്നും യഥാർത്ഥ വിശ്വാസത്തിലേക്ക് കടന്നുവരുമ്പോൾ അവർക്കും രക്ഷ സ്വന്തമാക്കാൻ സാധിക്കുമെന്നും ഈശോ യഹൂദരെ പഠിപ്പിക്കുന്നു.

ജാതിയുടെയും മതത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും പാരമ്പര്യവാദങ്ങളുടെയും പേരിൽ സഭയിലും സമൂഹത്തിലും അതിർവരമ്പുകൾ ഉയരുന്ന ഈ കാലഘട്ടത്തിൽ സുവിശേഷം നമ്മെ വെല്ലുവി

ളിക്കുന്നുണ്ട്. നമ്മുടെ ജീവിതത്തിൽ നാം തീർത്തിരിക്കുന്ന സ്വാർത്ഥതയുടെ അതിർവരമ്പുകൾ ഭേദിച്ച് എല്ലാവരെയും ഉൾക്കൊള്ളണമെന്നും, ഒരു വിശ്വമാനവികദർശനം നമുക്ക് ആവശ്യമാണെന്നും സുവിശേഷം നമ്മെ ഓർമ്മിപ്പിക്കുന്നു. പാരമ്പര്യവിശ്വാസങ്ങളെയും രീതികളെയും മാത്രം മുറുകെപിടിക്കാതെ, വിശ്വാസത്തിന് കോട്ടം വരുത്താത്ത പുത്തൻ രീതികളെയും ആശയങ്ങളെയും സ്വീകരിക്കാനും ഉൾക്കൊള്ളാനും നമുക്ക് സാധിക്കട്ടെ. അപ്പോൾ നമുക്കും രക്ഷ സ്വന്തമാകും. എ